**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **22-02-2022 - ൽ മറുപടിയ്ക്ക്**

**പി. പി. ഇ. കിറ്റിന്റെ ഉയർന്ന നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമാക്കാമോ; കോവിഡ് കാലത്ത് പ്രസ്തുത കോർപ്പറേഷനെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ഏക സ്ഥാപനമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന്റേയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും, മരുന്നുല്പ്പന്നങ്ങളും ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശം. കൂടാതെ അനുബന്ധ സജ്ജീകരണങ്ങൾ, കനിവ് 108 ആംബുലൻസിന്റെ സേവനം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങിയവയാണ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ. ബഹു. എം.എൽ.എ മാരുടെ ശുപാർശ പ്രകാരം പ്രാദേശിക വികസന നിധി / ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കോവിഡ് 19 ബാധിത പ്രദേശങ്ങളിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്ക് സർക്കാരിന്റെ പ്രതിരോധ ചികിത്സാ മാർഗ്ഗ നിർദ്ദേശ്ശങ്ങൾക്കനുസൃതമായി ആരോഗ്യ വകുപ്പിന്റെ ആവശ്യ പ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വെന്റിലേറ്റർ, ടെസ്റ്റിംഗ് കിറ്റുകൾ തുടങ്ങി ദീർഘകാല ഉപയോഗമില്ലാത്ത പ്രതിരോധ ചികിത്സാ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി ഉപയോഗിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ടായിരുന്നു. |
| (ബി) | കോവിഡിനെ അപേക്ഷിച്ച് മരണനിരക്ക് കൂടുതലുള്ള നിപ പോലുള്ള രോഗത്തെ പ്രതിരോധിക്കാൻ പി.പി.ഇ. കിറ്റ് നിർമ്മിച്ച് നൽകിയ കമ്പനിയായ കെറോണിൽ (Careon | (ബി) | Careon എന്ന വിതരണക്കാരനിൽ നിന്നും 1000 PPE KIT, 414 രൂപ നിരക്കിൽ (നികുതി ഉൾപ്പെടെ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | Healthcare Solutions) നിന്നും 2020 ജനുവരിയിൽ പി. പി.ഇ. കിറ്റ് നൽകാൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കിറ്റുകളുടെ എണ്ണവും എത്ര രൂപ നിരക്കിലാണ് പി.പി.ഇ കിറ്റ് ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ; | | |
| (സി) | പി.പി.ഇ. കിറ്റ് വാങ്ങാൻ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെറോണിന് എന്നാണ് പർച്ചേസ് ഓർഡർ നൽകിയതെന്ന് വ്യക്തമാക്കാമോ; | (സി) | 30-01-2020-നാണ് കെറോൺ എന്ന വിതരണക്കാരന് പി.പി.ഇ. കിറ്റിനായി ആദ്യ പർച്ചേസ് ഓർഡർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയത്. |
| (ഡി) | പ്രസ്തുത കമ്പനിയിൽ നിന്നും കൂടുതൽ പി. പി.ഇ. കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽ നിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കും എന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. |
| (ഇ) | പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവ് മൂലം ആയത് നൽകാൻ സാധിക്കില്ലെന്ന് കെറോൺ കമ്പനി സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഇ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽ നിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കും എന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. |
| (എഫ്) | കെറോൺ കമ്പനിയിൽ നിന്നും 550 രൂപ നിരക്കിൽ പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ച് ദിവസങ്ങൾക്കകം 1550 രൂപ നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ? | (എഫ്) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽ നിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കും എന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ